പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.419

20.07.2015 ൽ മറുപടിക്ക്

## മണൽ ആഡിറ്റിംഗ്

ചോദ്യം

ശ്രീ.ഇ.കെ.വിജയൻ
ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.മുല്ലക്കര രത്നാകരൻ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര നദികളിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്; എത്ര നദികളിലെ മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്; | (എ) | ജി.ഒ.(എം.എസ്) 338/12/റവ തീയതി 12.09.2012 പ്രകാരം സംസ്ഥാനത്തെ 20 നദികളിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനായി 20 ഏജൻസികളെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 14 നദികളുടെ മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആഡിറ്റിംഗ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 11 നദികളുടെ ആഡിറ്റിംഗ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ച് മണൽ ലഭ്യമായ നദികളിൽ മണൽ ഖനനം അനുവദിച്ച് കൊണ്ടും ലഭ്യമല്ലാത്തവയിൽ മണൽ ഖനനം നിരോധിച്ചുകൊണ്ടും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 15.11.14 ലെ സർക്കാർ ഉത്തരവ് (കൈ) നം.13/2014/പരിസ്ഥിതി ഉത്തരവ് പ്രകാരം വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു |

| | | | |
|---|---|---|---|
| | | | വേണ്ടി മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുള്ള നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടില്ലാത്ത നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് താൽക്കാലിക അനുമതി നൽകിയും വീട് നിർമ്മാണത്തിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടുവരുന്നത് സുഗമമാക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനധികൃത മണൽ കടത്ത് കണ്ട് കെട്ടുന്ന മണൽ പൊതുമരാമത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നിർമ്മിതികേന്ദ്രയുടെ കലവറ വഴി വിതരണം ചെയ്യുന്നുണ്ട്.<br><br>സെക്ഷൻ ഓഫീസർ |